**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. ***3** | **28.01.2019** - ൽ മറുപടിക്ക് |

## റീ ബിൽഡ് കേരളയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.അനിൽ അക്കര | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയാനന്തര കേരളം പുന:സൃഷ്ടിക്കുന്നതിനുള്ള റീബിൽഡ് കേരളയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നടപടിക്രമങ്ങളിലെ കാലതാമസം മൂലം പല പദ്ധതികളും വൈകുന്നതായുള്ള ആക്ഷേപം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | നടപടിക്രമങ്ങളുടെ കാലതാമസം മൂലം പദ്ധതികൾ വൈകുന്നതായുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണ്. പ്രളയത്തെത്തുടർന്ന് അടിയന്തരസഹായമെത്തിക്കുക, കേന്ദ്ര ദുരന്തനിവാരണ ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സർക്കാർ തീരുമാനപ്രകാരമുള്ള ധനസഹായം വിതരണം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ റവന്യൂവകുപ്പ് ഏകോപിപ്പിക്കുന്നുണ്ട്.<br><br>ആസ്തികൾ നഷ്ടപ്പെട്ട പ്രളയബാധിതർക്ക് അതത് വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പദ്ധതി വിഹിതത്തിനകത്തുനിന്നുതന്നെ പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുകയോ നിലവിലെ പദ്ധതികൾ ഭേദഗതി ചെയ്തോ നടപ്പാക്കിയിട്ടുണ്ട്. ഗാർഹിക ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കാനായി സർക്കാർ പലിശ വഹിക്കുന്ന രീതിയിൽ പ്രളയബാധിതർക്ക് ഒരു ലക്ഷം രൂപ വരെ കുടുംബശ്രീ വഴി വായ്പയും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനൊക്കെ പുറമെയാണ് കേരളം പുനഃസൃഷ്ടിക്കാനുള്ള സമഗ്ര ഇടപെടലുമായി റീബിൽഡ് കേരള പദ്ധതി |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുള്ളത്.<br><br>കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പുനർനിർമ്മാണം നടത്തുമ്പോൾ പഴയത് അതേപോലെ നിർമ്മിക്കുക എന്നതിനല്ല സർക്കാർ ശ്രമിക്കുന്നത്. മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, ആസ്തികൾ പുനർനിർമ്മിക്കുമ്പോൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യകളെ കൂടി ഉൾക്കൊള്ളുക, പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.<br><br>ഇത്തരത്തിൽ വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് പ്രാപ്തരായ ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇതിന്റെ ഭാഗമായി കൃഷി, ജലവിഭവം, പരിസ്ഥിതി, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഗതാഗതം, മത്സ്യബന്ധനം, ദുരന്തനിവാരണം തുടങ്ങിയ വിവിധ വകുപ്പുകൾ വഴി ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടിയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്.<br><br>ഇക്കാര്യങ്ങൾ ഏകോപിപ്പിക്കാൻ മുഖ്യമന്ത്രി അധ്യക്ഷനും പ്രതിപക്ഷ നേതാവും വിദഗ്ദ്ധരും ഉൾപ്പെടുന്ന ഉപദേശകസമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും, മൂന്നംഗ ആർ.കെ.ഐ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ആർ.കെ.ഐ സെക്രട്ടേറിയറ്റും പ്രവർത്തിക്കുന്നു. |
| (സി) | നിലവിലുള്ള ലോകബാങ്ക് പദ്ധതികളിൽ ഇതുവരെ ചെലവഴിക്കാത്ത തുക പുനർ നിർമ്മാണ പദ്ധതികളിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കാമോ; | (സി) | ലോകബാങ്ക് സഹായ പദ്ധതികളായ Kerala State Transport Project, National Cyclone Risk Mitigation Project എന്നീ പദ്ധതികളിലായി നീക്കിയിരിപ്പുള്ളത് 400 കോടിയോളം രൂപയാണ്. ഇത് പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടു. ആയതിന്മേൽ ലോകബാങ്കിന്റെ പ്രൊപ്പോസൽ പ്രകാരം പ്രസ്തുത തുക |

| | | | |
|---|---|---|---|
| | | | ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ് നോ- ഒബ്ജക്ഷൻ അറിയിച്ചിട്ടുണ്ട്. |
| (ഡി) | റീബിൽഡ് കേരളയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി പ്രളയത്തിൽ ദുരിത- മനുഭവിച്ചവർക്ക് ആവശ്യമായ അടിയന്തര സഹായ നടപടി കൈക്കൊള്ളുമോ; | (ഡി) | പ്രളയത്തിൽ ദുരിതം അനുഭവിച്ചവരുടെ അടിയന്തിരമായ പുനരധിവാസം വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഇതിൽ ചിലത് താഴെ പറയുന്നു.<br>(1) 6,87,843 പേർക്ക് 10,000 രൂപ വീതം അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 77,041 പേർ അപ്പീലുകൾ വഴി ധനസാഹയത്തിന് അർഹതയുള്ളതായി പരിഗണിക്കപ്പെട്ടവരാണ്.<br><br>(2) ഒക്ടോബർ മാസം മുതൽ ഡിസംബർ വരെ 10,50,838 കിറ്റുകൾ വീതമാണ് വിതരണം ചെയ്തത്. ഇതിനായി 52.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ക്യാമ്പുകളിൽനിന്ന് വീടുകളിലേക്ക് തിരിച്ചുപോയപ്പോൾ നൽകിയ കിറ്റുകൾക്കു പുറമെയാണ്.<br><br>(3) കന്നുകാലികൾ നഷ്ടപ്പെട്ട 27,363 കുടുംബങ്ങൾക്ക് 21.7 കോടി രൂപയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>(4) 2,38,376 കർഷകർക്ക് ദുരന്തനിവാരണ നിധിയിൽ നിന്ന് 69.1 കോടി രൂപയും 2,24,610 കർഷകർക്ക് 110.45 കോടി രൂപയുടെ കാർഷിക സഹായം സംസ്ഥാന ബഡ്ജറ്റിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ, 13,321 കർഷകർക്ക് 21.57 കോടി രൂപ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.<br><br>(5) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം 60,996 പുതിയ തൊഴിൽ കാർഡ് നൽകുകയും 4.93 കോടി അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 559.19 കോടി രൂപ ഈ പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.<br><br>(6) 94,891 പേർക്ക് 732.46 കോടി രൂപ കുടുംബശ്രീ മുഖേന പലിശരഹിത വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ പലിശ പൂർണ്ണമായും സർക്കാരാണ് വഹിക്കുന്നത്.<br><br>(7) പൂർണ്ണമായും തകർന്ന 13,362 വീടുകളിൽ 9,341 പേർക്ക് ആദ്യഗഡു ധനസഹായം നൽകുകയും വീട് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മയായ കെയർ ഹോം, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന |

| | | | |
|---|---|---|---|
| | | | നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായും തകർന്ന എല്ലാ വീടുകളും പണിയുന്നതിനുള്ള ക്രമീകരണം പൂർത്തിയായിട്ടുണ്ട്.<br><br>(8) ഭാഗികമായി തകർന്ന വീടുകളെ തകർച്ചയുടെ തോതനുസരിച്ച് നാല് വിഭാഗങ്ങളായി തിരിച്ച് ആദ്യ രണ്ട് വിഭാഗങ്ങൾക്ക് ധനസഹായം പൂർണ്ണമായും നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഒന്നാം ഗഡു ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 1,21,265 കുടുംബങ്ങൾക്ക് ഇത്തരത്തിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഫെബ്രുവരി 15-നകം അടുത്ത ഗഡു ഉൾപ്പെടെ അവശേഷിക്കുന്നവർക്കെല്ലാം പൂർണ്ണമായി ധനസഹായം വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>(9) വിവിധ ആനുകൂല്യങ്ങൾ സംബന്ധിച്ച് അപ്പീലുകളും പരാതികളുമായി 54,792 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇത് സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ മാർഗരേഖയിലുള്ള ധനസഹായത്തേക്കാൾ വർദ്ധിച്ച തോതിലുള്ള സഹായമാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഇത്ര ചുരുങ്ങിയ കാലയളവിൽ ഇത്രയധികം ധനസഹായം വിതരണം ചെയ്ത ഒരു കാലഘട്ടവും സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. |
| (ഇ) | പ്രളയത്തിൽ കൃഷി, തൊഴിൽ, കടകൾ, കന്നുകാലികൾ എന്നിവ നഷ്ടപ്പെട്ട കുടുംബങ്ങളെ സർക്കാർ പൂർണ്ണമായും അവഗണിക്കുന്നു എന്ന പരാതി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ? | (ഇ) | പ്രളയത്തിൽ കൃഷി, തൊഴിൽ, കടകൾ, കന്നുകാലികൾ തുടങ്ങിയവ നഷ്ടപ്പെട്ട കുടുംബങ്ങളുടെ ജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനായി വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**